# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1816** **04.05.2017-ലെ മറുപടിക്ക്**

## പങ്കാളിത്ത പെൻഷൻ

**ചോദ്യം** **ഉത്തരം**

**ശ്രീ. ആർ. രാമചന്ദ്രൻ**

**ഡോ. തോമസ് ഐസക്**
**ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ബാധകമാക്കിയിട്ടുണ്ടോ ; ഈ പദ്ധതി യിൽ ഉൾപ്പെടാത്ത പൊതുമേഖലാ സ്ഥാപനങ്ങളുണ്ടോ ; | 08.04.2014 ലെ സ.ഉ. (പി) നം 135/2014/ധന പ്രകാരം നിലവിൽ കെ.എസ്.ആർ. പാർട്ട് III പെൻഷൻ നടപ്പിലാക്കിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാത്രമേ ദേശീയ പെൻഷൻ പദ്ധതി ബാധകമായിട്ടുള്ളൂ. കെ.എസ്.ആർ. പാർട്ട് III പെൻഷൻ ബാധകമല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ ദേശീയ പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നില്ല. |
| (ബി) | തൊഴിൽ ഉടമയുടെ പെൻഷൻ വിഹിതം എല്ലാ സ്ഥാപനങ്ങളും കൃത്യമായി അടയ്ക്കുന്നുണ്ടോ ; വിശദീകരിക്കുമോ ; | 08.04.2014 ലെ സ.ഉ. (പി) നം 135/2014/ധന നിലവിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങളെ ദേശീയ പെൻഷൻ പദ്ധതിയിൽ ചേർക്കുന്നതിനുള്ള നടപടികളാരംഭിച്ചു. നാളിതുവരെ 32 പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് 14,786 ജീവനക്കാർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഭാരത സർക്കാർ നിർദ്ദിഷ്ട പദ്ധതിക്കായി നിയോഗിച്ച PFRDA (പെൻഷൻ ഫണ്ട് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി) നിഷ്കർഷിച്ചിട്ടുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കിയതിനും പ്രസ്തുത പദ്ധതിക്ക് അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനും ശേഷം മാത്രമാണ് പൊതുമേഖലാ സ്ഥാപനങ്ങൾ ദേശീയ പെൻഷൻ പദ്ധതിയിലേക്കുള്ള വിഹിതം അടച്ചുതുടങ്ങിയത്. അതാത് മാസത്തെ എൻ.പി.എസ്. വിഹിതത്തോടൊപ്പം 2013 ഏപ്രിൽ മുതലുള്ള |

| | | |
|---|---|---|
| | | കുടിശ്ശിക തുക (തൊഴിലുടമയുടെ വിഹിതവും ജീവനക്കാരന്റെ വിഹിതവും) ഓരോ ഗഡുക്കളായി അടച്ചു തുടങ്ങിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക തുക പൂർണ്ണമായും അടവാക്കിയിട്ടില്ല. |
| (സി) | ഇതിന്റെ ഫണ്ട് മാനേജർമാരായി നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ; | 06.02.2014 ലെ സർക്കുലർ നമ്പർ 07/14/ധന ഖണ്ഡിക V അനുസരിച്ച് പി.എഫ്.ആർ.ഡി.എ. നിർദ്ദേശപ്രകാരം ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേന എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. എന്നിവരെയാണ് പെൻഷൻ ഫണ്ട് മാനേജർമാരായി നിയമിച്ചിട്ടുള്ളത്. |
| (ഡി) | ഈ തുകയുടെ മാനേജ്മെന്റ് സംബന്ധിച്ച പ്രത്യേക നിർദ്ദേശങ്ങളോ നിബന്ധനകളോ ഫണ്ട് മാനേജർമാർക്ക് നൽകിയിട്ടുണ്ടോ വിശദീകരിക്കുമോ ? | ഈ നിക്ഷേപത്തിന്റെ 85% വരെ ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പീബോണ്ടുകൾ എന്നിവയിലും 15% വരെ കമ്പനി ഷെയറുകളിലും 5% വരെ മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകളിലും നിക്ഷേപിക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്